സാംസ്കാരിക വകുപ്പിന് അനുവദിച്ച ഫണ്ട്

85 (1485) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏതൊക്കെ പദ്ധതികൾക്ക് എത്ര വീതം ഇക അനുവദിച്ചു ;

(സി) എത്ര ഇക ചെലവഴിച്ചുവെന്നും മിച്ചം എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സാംസ്കാരിക വകുപ്പിന് കീഴിലുള്ള വകുപ്പുകൾക്ക് വിവിധ പദ്ധതികൾക്കായി നടപ്പുസാമ്പത്തിക വർഷം അനുവദിച്ച ഫണ്ട്, ചെലവഴിച്ച ഇക, മിച്ചം എന്നിവ സംബന്ധിച്ചും സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട്, നിലീസ് ചെയ്ത ഇക, മിച്ചം എന്നിവ സംബന്ധിച്ചുമുള്ള വിശദാംശം അനുബന്ധം ആയും ചേർത്തിരിക്കുന്നു.*

'വികസന സമന്വയം'

86 (1486) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'വികസന സമന്വയം' എന്ന പേരിൽ സർക്കാർ വാർത്താപത്രിക പുറത്തിറക്കുന്നുണ്ടോ ; ഇതിന്റെ ഉദ്ദേശം വ്യക്തമാക്കാമോ ;

(ബി) ഈ പ്രസിദ്ധീകരണത്തിന്റെ സർക്കുലേഷൻ നടത്തിവരുന്നത് എങ്ങനെയാണ് ;

(സി) ഈ പ്രസിദ്ധീകരണം ഏതെങ്കിലും പ്രമുഖ ദിനപത്രത്തോടൊപ്പം വിതരണം ചെയ്യാൻ സർക്കാർ അനുമതി നൽകിയിരുന്നുവോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇതിനായി താല്പര്യപത്രം ക്ഷണിച്ചിരുന്നുവോ ; വിശദാംശം നൽകാമോ ;

(ഇ) ഏതെല്ലാം പ്രദേശങ്ങളിലാണ് 'വികസന സമന്വയം' ദിനപത്രത്തോടൊപ്പം വിതരണം ചെയ്യിട്ടുള്ളതെന്ന് അറിയിക്കാമോ ; എത്ര കോപ്പി അച്ചടിച്ചുവെന്നും വിതരണം ചെയ്തതെത്രയെന്നുമുള്ള വിവരം ലഭ്യമാണോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതിനായി എത്ര രൂപ ചെലവായി എന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ജി) ഇതിന്റെ ഭാഗമായി ദിനപത്രങ്ങളിലൂടെയുള്ള പരസ്യങ്ങൾ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. വികസന വാർത്തകൾ പരമാവധി ജനങ്ങളിലെത്തിക്കുന്നതിന് വേണ്ടിയാണ്.

(ബി) പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ആദ്യ രണ്ട് ലക്കങ്ങൾ മാതൃഭൂമി ദിനപ്പത്രത്തിനൊപ്പമാണ് വിതരണം ചെയ്യുന്നത്.

(സി) ആദ്യ രണ്ട് ലക്കങ്ങൾമാത്രം മാതൃഭൂമി ദിനപ്പത്രത്തിനൊപ്പമാണ് വിതരണം ചെയ്യുന്നത്. ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മീഡിയാ ലിസ്റ്റിലുള്ള സി.ഡി.ഇ. കാറ്റഗറിയിലുള്ള എല്ലാ പത്രസ്ഥാപനങ്ങളിൽനിന്നും താൽപ്പര്യപത്രം ക്ഷണിച്ചിരുന്നു. സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും ജനങ്ങളിൽ എത്തിക്കുന്നതിനാണ് 'വികസന സമന്വയം' എന്ന പത്രം പ്രസിദ്ധീകരിക്കുവാൻ സർക്കാർ തീരുമാനിച്ചത്. കൂടുതൽ ജനങ്ങളിലും സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലും വ്യത്യസ്ത ഭൂപ്രദേശങ്ങളിലും പത്രം എത്തിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിനാൽ കൂടുതൽ സർക്കുലേഷനുള്ള പത്രങ്ങളിൽ നിന്നാണ് താൽപ്പര്യപത്രം ക്ഷണിച്ചിരുന്നത്. പത്രപ്രസിദ്ധീകരണം, സർക്കുലേഷൻ എന്നിവയിലെ പരിചയം, പത്രങ്ങളുടെ എഡിഷനുകളുടെ എണ്ണം, അച്ചടി സംവിധാനങ്ങൾ, മീഡിയ ലിസ്റ്റിലെ കാറ്റഗറി നിർദ്ദേശിച്ച നിരക്ക് എന്നിവ കണക്കാക്കി ഗ്രേഡിംഗ് നിർണ്ണയിച്ചും താൽപ്പര്യപത്രം സമർപ്പിച്ച പത്രസ്ഥാപനങ്ങളുമായി ചർച്ച ചെയ്തുമാണ് വികസന സമന്വയത്തിന്റെ അച്ചടിക്കും വിതരണത്തിനും ഏജൻസിയെ കണ്ടെത്തിയത്.

(ഇ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലും കണ്ണൂർ നഗരപ്രദേശത്തും കോട്ടയം നഗരപ്രദേശത്തും തെരഞ്ഞെടുക്കപ്പെട്ട ഗ്രാമീണ മേഖലകളിലും തൃശ്ശൂർ ജില്ലയിലെ ഏതാനും ഗ്രാമീണ മേഖലകളിലുമാണ് പരീക്ഷണാടിസ്ഥാനത്തിൽ വിതരണം നടത്തിയത്. ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.* രണ്ടുലക്ഷം കോപ്പിയാണ് ആദ്യലക്കം അച്ചടിച്ച് വിതരണം നടത്തിയത്.

(എഫ്) ആദ്യലക്കത്തിന് 14 ലക്ഷം രൂപയാണ് ചെലവ് വന്നത്. രണ്ടാമത്തെ ലക്കത്തെ സംബന്ധിച്ച് പ്രസിദ്ധീകരണ തീയതിയും കോപ്പികളുടെ എണ്ണവും നിശ്ചയിച്ചിട്ടില്ല.

(ജി) ഇല്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly